കാലടി (മറ്റൂർ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർമ്മാണം

164 (3118) ശ്രീ. വി. ജെ പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായത്തോടെ കാലടി (മറ്റൂർ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുമായി ബന്ധപ്പെടുത്തി കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) കാലടി (മറ്റൂർ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള 30 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം വിവിധ തലങ്ങളിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

കൊപ്പം പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി മാറ്റാനുള്ള നടപടി

165 (3119) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കൊപ്പം പ്രൈമറി ഹെൽത്ത് സെന്റർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുന്നതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി മാറ്റാനുള്ള അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) കൊപ്പം പി.എച്ച്. സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly